വഴിവെളിച്ചം

# കുടുംബത്തിന്റെ നരകമോചനം

عَنْ اَبِي هُرِيرة رَضِيَ الله عَنْهُ قَالَ : قَالَ رَسُولُ الله ﷺ رَحِمَ الله رَجُلاً قَامَ مِنَ اللَّيْلِ
فَصَلَّى وَأَيْقَظَ امْرَأَتَهُ فَصَلَّتْ ، فَإِنْ أَبَتْ نَضَحَ فِي وَجْهِهَا الْمَاءَ ، وَرَحِمَ الله أَمْرَأَةً،
قَامَتْ مِنَ اللّيْلِ فَصَلَّتْ ، وَأَيْقَظَتْ زَوْجَهَا فَصَلَّى فَإِنْ أَبَى نَضَحَتْ فِي وَجْهِهِ الْمَاءَ

അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: “ഒരാളെ അല്ലാഹു അനുഗ്രഹിക്കട്ടെ! അയാൾ രാത്രി എഴുന്നേറ്റ് നമസ്കരിച്ചു. ശേഷം ഭാര്യയെ വിളിച്ചുണർത്തി, അങ്ങനെ അവളും എഴുന്നേറ്റ് നമസ്കരിച്ചു. അവൾ ഉണരാൻ വിസമ്മതിച്ചാൽ അയാൾ അവളുടെ മുഖത്ത് വെള്ളം തളിക്കും. ഒരുവളെ അല്ലാഹു അനുഗ്രഹിക്കട്ടെ! അവൾ രാത്രി എഴുന്നേറ്റ് നമസ്കരിച്ചു, പിന്നീട് ഭർത്താവിനെ വിളിച്ചുണർത്തി, അയാളും എഴുന്നേറ്റ് നമസ്കരിച്ചു. അയാൾ ഉണരാൻ വിസമ്മതിച്ചാൽ, അവൾ അയാളുടെ മുഖത്ത് വെള്ളം തളിക്കും” (അഹ്മദ് 7410)*

രാത്രി നമസ്കാരം പുണ്യമേറിയ ആരാധനാകർമമാണ്. നിർബന്ധ നമസ്കാരങ്ങൾക്കു ശേഷം, ഐച്ഛിക കർമങ്ങളിൽ അല്ലാഹുവിന് ഏറെ പ്രിയപ്പെട്ടത്. അനേകം സ്ഥലങ്ങളിൽ ഖുർആൻ രാത്രി നമസ്കാരം പരാമർശിച്ചിട്ടുണ്ട്. “നിശ്ചയം, രാത്രിയിൽ അൽപം മാത്രം ഉറങ്ങുകയും രാവിന്റെ അന്ത്യയാമങ്ങളിൽ പാപമോചനത്തിനായി അല്ലാഹുവോട് പ്രാർഥിക്കുകയും ചെയ്യുന്നവരാണവർ” (51:17,18). “സാഷ്ടാംഗം ചെയ്തുകൊണ്ടും നിന്നു നമസ്കരിച്ചുകൊണ്ടും തങ്ങളുടെ രക്ഷിതാവിന്റെ സന്നിധിയിൽ രാത്രി കഴിച്ചുകൂട്ടുന്നവരത്രെ പരമ കാരുണികന്റെ യഥാർഥ ദാസന്മാർ” (25:64). “അവരുടെ പാർശ്വങ്ങൾ ശയ്യകളിൽനിന്നു യരുന്നു. ഭയത്തോടും പ്രതീക്ഷയോടും കൂടി തങ്ങളുടെ നാഥനോട് അവർ പ്രാർഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു” (32:16).

രാത്രി നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നബി(സ) പറഞ്ഞു: “നിങ്ങൾ രാത്രി നമസ്കാരം ശീലിക്കുവിൻ. എന്തുകൊണ്ടെന്നാൽ അത് നിങ്ങൾക്കു മുമ്പുള്ള സജ്ജനങ്ങളുടെ സമ്പ്രദായവും നിങ്ങളുടെ രക്ഷിതാവുമായി നിങ്ങളെ അടുപ്പിക്കുന്ന സദ്കർമവും പാപങ്ങൾ പൊറുപ്പിക്കുന്നതും കുറ്റകൃത്യങ്ങൾ തടയുന്നതുമാകുന്നു” (ഹാകിം, തിർമിദി, ഇബ്നു അബിദ്ദുൻയ). “അന്ത്യനാളിൽ അല്ലാഹു മനുഷ്യരെയെല്ലാം ഒരു മൈതാനിയിൽ ഒരുമിച്ചുകൂട്ടും. അപ്പോൾ ഒരു മലക്ക് വിളിച്ചുപറയും: തങ്ങളുടെ കിടപ്പിടങ്ങൾ വിട്ട് രാത്രി കാലങ്ങളിൽ എഴുന്നേറ്റ് നമസ്കരിച്ചിരുന്നവർ എവിടെ? അപ്പോൾ ഒരു കൂട്ടമാളുകൾ മുന്നോട്ടുവരും; അവർ എണ്ണത്തിൽ അൽപം മാത്രമേ ഉണ്ടാവുകയുള്ളൂ. അവർ വിചാരണ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കും. അതിനു ശേഷം മറ്റുള്ളവരെ വിചാരണ ചെയ്യാൻ വേണ്ടി അല്ലാഹുവിന്റെ കൽപനയുണ്ടാവും” (ബൈഹഖി, *മിശ്കാത്തുൽ മസാബീഹ്*). അബ്ദുല്ലാഹിബ്നു സലാം(റ) പറയുന്നു: “ഞാൻ പ്രവാചകനിൽനിന്ന് ആദ്യമായി കേട്ട കൽപന ഇതായിരുന്നു: ജനങ്ങളേ, നിങ്ങൾ സലാം പ്രചരിപ്പിക്കുക, അന്നദാനം നടത്തുക, കുടുംബബന്ധങ്ങൾ ചേർക്കുക, ജനങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ എഴുന്നേറ്റ് നമസ്കരിക്കുക. എങ്കിൽ സുരക്ഷിതരായി നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാം” (തിർമിദി, ഇബ്നു മാജ, ഹാകിം).

ആദ്യം കൊടുത്ത നബിവചനത്തിൽ, ഒറ്റക്ക് നമസ്കരിക്കാതെ തന്റെ ഇണയെ കൂടി വിളിച്ചുണർത്തുകയും രാത്രി നമസ്കാരത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന ഭാര്യാ ഭർത്താക്കന്മാർക്കു വേണ്ടിയാണ് നബി(സ) പ്രാർഥിക്കുന്നത്. സദ്കർമങ്ങൾ സ്വയമനുഷ്ഠിക്കുന്നതോടൊപ്പം അത്തരം കാര്യങ്ങളിൽ തന്റെ കുടുംബത്തെ കൂടി പങ്കാളികളാക്കാൻ ശ്രമിക്കണമെന്നർഥം. ഖുർആൻ ഓർമിപ്പിക്കുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും, മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയിൽനിന്ന് കാത്തുരക്ഷിക്കുക” (66:6). അന്ത്യപ്രവാചകനോടുള്ള അല്ലാഹുവിന്റെ കൽപനകളിൽ ഒന്ന് ഇതാണ്: “പ്രവാചകരേ, താങ്കൾ കുടുംബത്തോട് നമസ്കരിക്കാൻ കൽപിക്കുക; സ്വയം അതിൽ സ്ഥിരനിഷ്ഠനാവുകയും ചെയ്യുക” (20:132).

നബി(സ) റമദാനിലെ അവസാന ദിനങ്ങളിൽ ഭാര്യമാരെയും മറ്റു കുടുംബാംഗങ്ങളെയും രാത്രി നമസ്കാരത്തിന് വിളിച്ചുണർത്താറുണ്ടായിരുന്നു. ആഇശ(റ) പറയുന്നു: “റമദാനിലെ അവസാനത്തെ പത്ത് വന്നെത്തിയാൽ പ്രവാചകൻ അര മുറുക്കിയുടുക്കുകയും രാത്രി ഉറക്കമൊഴിവാക്കി സജീവമാക്കുകയും കുടുംബത്തെ വിളിച്ചുണർത്തുകയും ചെയ്യാറുണ്ടായിരുന്നു” (ബുഖാരി, മുസ്‌ലിം). അബൂഹുറയ്റ(റ)യിൽനിന്ന്: അദ്ദേഹം പറഞ്ഞു: “റമദാനിലെ രാത്രി നമസ്കാരത്തിന് നബി(സ) ഞങ്ങളെ പ്രത്യേകം പ്രോത്സാഹിപ്പിക്കാറുണ്ടായിരുന്നു; നിർബന്ധിക്കാറുണ്ടായിരുന്നില്ല. അവിടുന്ന് പറയും: ഒരാൾ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി റമദാനിൽ രാത്രി നമസ്കാരം നിർവഹിച്ചാൽ അവന്റെ സംഭവിച്ചുപോയ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്” (ബുഖാരി, മുസ്‌ലിം, ഇബ്നു മാജ). ■

**ജഅ്ഫർ എളമ്പിലാക്കോട്**

ഇമാം അഹ്മദ്, അബൂദാവൂദ്, ഇബ്നു മാജ, നസാഈ, ഹാകിം, ബൈഹഖി തുടങ്ങിയവർ ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര 'ഇമാം മുസ്‌ലിമിന്റെ ഹദീസ് സ്വീകരണ മാനദണ്ഡങ്ങൾ' പ്രകാരം സ്വഹീഹ് ആണെന്ന് ഹാകിം പറയുന്നു (മുസ്തദ്റക്- ഹദീസ് നമ്പർ 1205).